**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3822** **06-08-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമി ഏറ്റെടുക്കലും വിട്ടുനൽകലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാരിസ്ഥിതിക ദുർബല പ്രദേശ നിയമം നിലവിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ ഇതുവരെ എത്ര ഹെക്ടർ വനഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാരിസ്ഥിതിക ദുർബല പ്രദേശനിയമം, 2003 നിലവിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ 4660.9 ഹെക്ടർ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിൽ 725 ഹെക്ടർ വനഭൂമിയും, പാലക്കാട് ഡിവിഷനിൽ 2974.6 ഹെക്ടർ വനഭൂമിയും, നെന്മാറ ഡിവിഷനിൽ 961.3 ഹെക്ടർ ഭൂമിയും പാരിസ്ഥിതികദുർബലപ്രദേശനിയമം, 2003 പ്രകാരം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത നിയമം വഴി ഏറ്റെടുത്ത വനഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമി വിട്ടുനൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാരിസ്ഥിതിക ദുർബല പ്രദേശ നിയമം, 2003 വഴി ഏറ്റെടുത്ത വനഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ട്. 426.163 ഹെക്ടർ ഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമപ്രകാരം വനഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. പാരിസ്ഥിതിക ദുർബല പ്രദേശനിയമം, 2003 സെക്ഷൻ 9 പ്രകാരം രൂപീകരിച്ചിട്ടുള്ള കൊല്ലം, കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നീ 4 ട്രിബ്യൂണലുകളിൽ യഥാക്രമം 1, 7, 63, 47 കേസ്സുകൾ നിലവിലുണ്ട്. 2 ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ള ഭൂപ്രദേശത്തെ സംബന്ധിച്ചുള്ള തർക്കപരിഹാരത്തിന് ഇ.എഫ്.എൽ നിയമം 10(A) പ്രകാരം ഇ.എഫ്.എൽ കസ്റ്റോഡിയന് അപേക്ഷ നൽകാവുന്നതും, പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശ അവകാശതർക്ക പരിഹാരസമിതിയുടെ സ്ഥലപരിശോധനയ്ക്കും, റിപ്പോർട്ടിനും വിധേയമായി തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2001-ലെ ഇ.എഫ്.എൽ ഓർഡിനൻസ് നിലവിലുണ്ടായിരുന്ന കാലയളവിൽ ഇ.എഫ്.എഫ് -ൽ ഉൾപ്പെടുത്തി ഏറ്റെടുത്ത ഭൂമി സംബന്ധിച്ച ന്യൂനതകൾ 19 (3)(b) പ്രകാരം ഇ.എഫ്.എൽ കസ്റ്റോഡിയന് അപേക്ഷ നൽകി പരിഹാരം കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ